**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3910** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഡങ്കി -2 വകഭേദം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡങ്കി -2 വകഭേദം റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ഇതിന്റെ വ്യാപനം തടയുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (എ) | ഡെങ്കി 2 ഉൾപ്പെടെ ഡെങ്കിപ്പനിക്കു കാരണമായ ഡെൻവ്1, ഡെൻവ്2, ഡെൻവ്3, ഡെൻവ്4 എന്നീ നാലു വകഭേദങ്ങളും വർഷങ്ങളായി കേരളത്തിലെ പല ജില്ലകളിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ ഡെൻവ് 2 വകഭേദം കൂടുതൽ അപകടകാരിയാണെന്ന് അറിയപ്പെടുന്നു. നാലുതരം വകഭേദങ്ങൾ വഴി ഉണ്ടാകുന്ന ഡെങ്കിപ്പനി പ്രതിരോധിക്കുവാനും നിയന്ത്രിക്കുവാനും ഉള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി തന്നെ ആരോഗ്യവകുപ്പ് നടത്തി വരുന്നുണ്ട്. സംയോജിത രോഗനിരീക്ഷണ പരിപാടി (ഐ.ഡി.എസ്.പി) യിലൂടെ ഡെങ്കിപ്പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധി സംബന്ധിച്ച വിവരങ്ങൾ ദിനംപ്രതിയും ആഴ്ചതോറും ശേഖരിച്ച്, ക്രോഡീകരിച്ച്, അപഗ്രഥിച്ച് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ദ്രുതകർമ്മസേന (RRT) സന്ദർശിച്ച് ഊർജ്ജിത നിയന്ത്രണ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ദേശീയ പ്രാണിജന്യ രോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായും ഡെങ്കിപ്പനി നിരീക്ഷണവും, കൊതുക നിയന്ത്രണവും നടത്തി വരുന്നുണ്ട്. ഇതു കൂടാതെ സംസ്ഥാന സർക്കാർ 2018 മുതൽ നടപ്പിലാക്കി വരുന്ന ആരോഗ്യജാഗ്രത എന്ന പേരിലറിയപ്പെടുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പരിപാടിയനുസരിച്ചുള്ള വാർഷിക കർമ്മ പരിപാടി ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ സമയബന്ധിതമായി നടപ്പിലാക്കി വരുന്നുണ്ട്. വാർഡുതലത്തിൽ ആരോഗ്യ സേനാംഗങ്ങൾ വഴി നടത്തുന്ന ഗൃഹസന്ദർശനം, സ്ഥാപന സന്ദർശനം, കൊതുകു സർവ്വേ, പ്രതിരോധ കാമ്പയിനുകൾ, ബോധവത്കരണ ശീലവത്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ഡെങ്കിപ്പനി നിയന്ത്രണത്തിൽ |

| | | | |
|---|---|---|---|
| | | | കാര്യമായ പങ്കു വഹിക്കുന്നു. സംസ്ഥാനത്ത് സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് ഉൾപ്പെടെ 38 സെന്റിനൽ സർവ്വേലൻസ് ലാബുകളിൽ ഡെങ്കിപ്പനി രോഗ സ്ഥിരീകരണം, സൗജന്യമായിത്തന്നെ നടത്തി വരുന്നുണ്ട്. ഇത്തരം ലാബുകളിൽ നിന്നും NS1 പോസിറ്റീവ് സാമ്പിളുകൾ സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബിൽ അയച്ച് ഡങ്കി സീറോ ടൈപ്പിംഗും നടത്തി വരുന്നുണ്ട്. മെയ് 16 ന് ദേശീയ ഡെങ്കിപ്പനി ദിനത്തോടനുബന്ധിച്ച് ജൂലൈ മാസം ഡെങ്കി വിരുദ്ധ മാസാചരണത്തോടനുബന്ധിച്ചും ഡെങ്കിപ്പനി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തി വരുന്നു. ആഴ്ച തോറും നടത്തുന്ന കൊതുകു സർവ്വേയിൽ (ഈഡിസ് വെക്ടർ സർവ്വേ) കണ്ടെത്തുന്ന ഹൈറിസ്ക് പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിലും സംയോജിത കൊതുകു നിയന്ത്രണം (ഐ.വി.എം) നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ആരോഗ്യ സന്നദ്ധ പ്രവർത്തകർ വീടുകളും സ്ഥാപനങ്ങളും സന്ദർശിക്കുകയും പൊതുജന പങ്കാളിത്തത്തോടെ കൊതുകുറവിട നശീകരണം നടപ്പിലാക്കുകയും ചെയ്യുന്നു. കൂടാതെ രോഗവാഹികളായ കൊതുകുകളെ നശിപ്പിക്കുന്നതിനായി മുറിക്കുള്ളിൽ കീടനാശിനി ബാഷ്പം തളിക്കൽ (ഐ.എസ്.എസ്) വീടിന് വെളിയിൽ തെർമൽ ഫോഗിംഗ് തുടങ്ങിയവയും നടത്തുന്നു. കൊതുകിനെതിരെ വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ അവലംബിക്കുവാനുള്ള നിർദ്ദേശങ്ങളും നൽകി വരുന്നു. ഇതോടൊപ്പം രോഗബാധിതർക്ക് ചികിത്സാ മാർഗ്ഗരേഖക്കനുസൃതമായ ശരിയായ സഹായ ചികിത്സയും പരിചരണവും ഉറപ്പ വരുത്തുകയും ചെയ്യുന്നു. ഇതുവഴി രോഗം മറ്റുള്ളവരിലേയ്ക്ക് പകരുന്നത് തടയാൻ സാധിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ ഡെൻവ് 2 മാത്രമല്ല ഡെങ്കിപ്പനിയും യഥാസമയം നിയന്ത്രണ വിധേയമാക്കുന്നതിന് സാധിക്കുന്നു. ആശുപത്രികളിലെ പനി വാർഡുകൾ കൊതുകുവല അടിച്ച് ഭദ്രമാക്കുകയോ രോഗികളെ കൊതുകുവലയ്ക്കുള്ളിൽ കിടത്തുകയോ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ